കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നല്കിവരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 21 ലക്ഷത്തോളം എ.പി.എൽ. കാർഡുടമകൾ നിലവിലുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (സബ്സിഡി സ്കീം) കിലോയ്ക്ക് 2 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നൽകിവരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 41.5 ലക്ഷത്തോളം എ.പി.എൽ. സബ്സിഡി കാർഡുടമകൾ നിലവിലുണ്ട്. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1 രൂപ നിരക്കിൽ 35 കിലോഗ്രാം അരി നൽകിവരുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 5.85 ലക്ഷത്തോളം കാർഡുടമകൾ നിലവിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരും ആദിവാസി വിഭാഗങ്ങളും വിധവകളും മാരകമായ രോഗം ബാധിച്ചവരുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകി വരുന്നു. അന്നപൂർണ്ണ വിഭാഗത്തിൽപ്പെട്ട മുപ്പതിനായിരത്തോളം കാർഡുടമകൾ നിലവിലുണ്ട്. 65 വയസ്സ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങളെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുകൂടാതെ കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും നൽകുന്നുണ്ട്. ഉത്സവകാലങ്ങളിൽ എല്ലാ കാർഡുടമകൾക്കും 1 കിലോഗ്രാം വീതം സ്പെഷ്യൽ പഞ്ചസാരയും നൽകിവരുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ഒരു ലിറ്റർ/അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നുണ്ട്.

വിലക്കയറ്റം തടയാൻ സർക്കാർ സിവിൽ സപ്ലൈസിന് നൽകിയ തുക

213(3097) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയാൻ കഴിഞ്ഞ സർക്കാർ കാലയളവിൽ സിവിൽ സപ്ലൈസിന് വിവിധ സന്ദർഭങ്ങളിലായി ആകെ നൽകിയ തുക എത്രയായിരുന്നുവെന്ന് പറയാമോ;

(ബി) വിലക്കയറ്റം ചെറുക്കാൻ ഈ സർക്കാർ നാളിതുവരെ സിവിൽ സപ്ലൈസിന് നൽകിയ ആകെ തുക എത്രയാണെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സിവിൽ സപ്ലൈസിന് സർക്കാർ നൽകിയെന്ന് പറയുന്ന തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടോ എന്നും തുക വകമാറ്റിയിട്ടുണ്ടോ എന്നും ഇതിന്റെ വിനിയോഗത്തിൽ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ അന്വേഷണത്തിൽ വെളിപ്പെടുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിനായി കഴിഞ്ഞ സർക്കാർ വിപണി ഇടപെടൽ ഇനത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക (കോടിയിൽ)
2006-07	30
2007-08	50
2008-09	105
2009-10	83
2010-11	76.31

(ബി) വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ വിപണി ഇടപെടലിന് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക (കോടിയിൽ)
2011-12	118.35
2012-13	135
2013-14	116.02
2014-15	70
2015-16 (സെപ്റ്റംബർ വരെ)	64

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാരിൽനിന്നും ലഭിച്ച തുക അതത് ഇനങ്ങളിൽ തന്നെ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതായോ ഫണ്ട് വിനിയോഗം സംബന്ധിച്ച് അഴിമതി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്നതായോ അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly